"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. 168/ഡി സി.1/2024/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്

തിരുവനന്തപുരം,

തീയതി: 16-07-2024

<u>സർക്കുലർ</u>

വിഷയം:- കേരള വാട്ടർ അതോറിറ്റി മുഖേന ഡിപ്പോസിറ്റ് വർക്കുകളായി നടത്തപ്പെടുന്ന കുടിവെള്ള പ്രോജക്ടുകൾ - നിർദേശങ്ങൾ - സംബന്ധിച്ച്

സൂചന:- 06.06.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി യോഗത്തിലെ പൊതു വിഷയങ്ങളിൽ തീരുമാനം നമ്പർ 3.8 (i)

**********************

തദ്ദേശഭരണസ്ഥാപനങ്ങളുടെ കുടിവെള്ള പ്രോജക്ടുകൾ കേരള വാട്ടർ അതോറിറ്റി മുഖേന ഡിപ്പോസിറ്റ് വർക്കായാണ് നടപ്പാക്കുന്നത്. എന്നാൽ കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല എന്ന് വിലയിരുത്തിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ഓരോ വർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ അതത് വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ നിർദേശങ്ങൾ നൽകി സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

- കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തികളുടെ ലിസ്റ്റ് സാമ്പത്തികവർഷം ആരംഭിക്കുന്നതിനു മുൻപോ ഏപ്രിൽ മാസത്തിലോ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് വിശദാംശം സഹിതം കത്ത് നൽകണം.
- പ്രവർത്തികളുടെ ഫീസിബിലിറ്റി പരിശോധിച്ച് കേരള വാട്ടർ അതോറിറ്റി ഒരു മാസത്തിനകം എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തെ കൃത്യമായി അറിയിക്കേണ്ടതാണ്. ഒപ്പം തദ്ദേശഭരണസ്ഥാപനം അടയ്ക്കേണ്ട തുക എത്രയാണെന്ന് തദ്ദേശഭരണ സ്ഥാപനത്തെ കേരള വാട്ടർ അതോറിറ്റി കൃത്യമായി അറിയിക്കണം.
- ഇപ്രകാരം കേരള വാട്ടർ അതോറിറ്റി അറിയിച്ച തുക മാത്രമേ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറാവൂ. തുക കൈമാറുമ്പോൾ പ്രസ്തുത തുക ഏത് പ്രവർത്തിക്കാണ് ഡിപ്പോസിറ്റ് ചെയ്തിരിക്കുന്നതെന്ന വിശദാംശം സഹിതം തദ്ദേശഭരണസ്ഥാപന സെക്രട്ടറി കേരള വാട്ടർ അതോറിറ്റിയെ അറിയിക്കേണ്ടതാണ്.
- ഈ പ്രക്രിയ ജൂൺ മാസത്തോടെ പൂർത്തിയാക്കണം. എസ്റ്റിമേറ്റിൽ മാറ്റം വന്നാൽ അധികമായി ആവശ്യമുള്ള തുക കേരള വാട്ടർ അതോറിറ്റി തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കണം.
- തുക കൈമാറുന്ന വർഷം തന്നെ കേരള വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തിയാക്കണം.

- എസ്റ്റിമേറ്റ് തയ്യാറാക്കാതെ കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറരുത്.
- പ്രവൃത്തി പൂർത്തിയായാലുടൻ കേരള വാട്ടർ അതോറിറ്റി തദ്ദേശഭരണസ്ഥാപനത്തിന് Utilization Certificate നൽകണം.
- എസ്റ്റിമേറ്റ് തയ്യാറാക്കാതെ സാമ്പത്തികവർഷാവസാനം കേരള വാട്ടർ അതോറിറ്റിക് തുക ഡെപ്പോസിറ്റ് ചെയ്യുന്ന രീതി ഒരു കാരണവശാലും പാടില്ല.
- കേരള വാട്ടർ അതോറിറ്റി പ്രവർത്തികളുടെ നടത്തിപ്പും പൂർത്തീകരണവും കേരള വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രത്യേകം മോണിറ്റർ ചെയ്യേണ്ടതാണ്.

SHEEJA R S
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Resmi R S
Date: 17-07-2024 10:51:38
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്